# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035

**ഫോൺ:** 04712302490 ഫാക്സ്: 04712303025/20303080

ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in


## ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&റ്റി ) നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് – ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്–2 തസ്തികയിൽ 31/12/2019 വരെ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. Curcular No. Adv.C3/149/18/P&ARD Thiruvananthapuram dated 10.08.2018
2. സ.ഉ.(സാധാ) നം 1662/2017/ ആ.കു.വ. തീയതി 14.06.2017.
3. പരിപത്രം നം. എഫ്.ഡബ്ലിയു.എ4 –19888/2014/ ആ.വ.ഡ. തീയതി : 25/06/2019
4. Order No. FW(Spl.Cell)61647/07/DHS dated 10/08/2009.

### ഉത്തരവ് നം. എഫ്.ഡബ്ലിയു.എ 4 – 19888/2014/ ആ.വ.ഡ. തീയതി : 10/07/2019

പരാമർശം 1 സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്–2 തസ്തികയിൽ 31/12/2019 വരെ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ (Anticipatory Vacancies) താഴെ പറയുന്ന പ്രകാരം അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2019 ജൂലൈ മാസത്തിൽ ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് പൂർത്തിയാക്കുന്ന ജീവനക്കാരുടെ പ്രൊമോഷനിലൂടെ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളും 31.12.2019 വരെയുള്ള കാലയളവിനുള്ളിൽ JPHN Gr.I തസ്തികയിൽ വിരമിക്കൽ മൂലമുണ്ടാകുന്ന ഒഴിവുകളും കൂടി കണക്കിലെടുത്ത് IDT ക്കായി മാറ്റിവെക്കേണ്ടവ ഒഴിച്ച് താഴെപ്പറയുന്ന എണ്ണം മുൻകൂറായി പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യേണ്ടത്.

| Sl. no | District | Anticipatory vacancies to be reported to PSC | Remarks |
|---|---|---|---|
| 1 | Thiruvananthapuram | 24 | |
| 2 | Kollam | 6 | |
| 3 | Alappuzha | 31 | |
| 4 | Kottayam | 3 | |
| 5 | Ernakulam | 25 | |
| 6 | Palakkad | 25 | |
| 7 | Malappuram | 2 | |
| 8 | Kannur | 8 | |

(മറുപുറം)

ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽപ്പറയുന്ന പ്രകാരം നിശ്ചിത മാതൃകയിൽ ഒഴിവുകൾ മുൻകൂറായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകരുതെന്ന് നിർദ്ദേശം നൽകേണ്ടതുമാണ്. മേൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മുൻകൂറായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് സൂചന 4 സീനിയോരിറ്റി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടപടികൾ പൂർത്തിയാകുന്ന മുറക്ക് നിയമന ശുപാർശ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം ഈ ഓഫീസിൽ നിന്നും നൽകുന്നതാണ്.

പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലവധി അവസാനിക്കാറായതിനാൽ മേൽ വിവരിക്കുന്ന രീതിയിൽ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കുവാനും ഇതിനാൽ നിർദ്ദേശിക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്
ഡോ. സെമീറ .എ
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താക്കൾ – ജില്ലാ മെഡിക്കൽ ഓഫീസർ ,
തിരുവനന്തപുരം/ കൊല്ലം/ ആലപ്പുഴ/ കോട്ടയം/ എറണാകുളം/ പാലക്കാട്/ മലപ്പുറം/ കണ്ണൂർ.

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്തോടു കൂടി) .
2. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
3. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
4. ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്